(സി-എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിഴിഞ്ഞം തീരദേശ പോലീസ്സ്റ്റേഷന്റെ നവീകരണപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

പോലീസ് സേനയിലെ ഡ്രൈവർമാർ

186 (3819) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് സേനയിൽ വേണ്ടത്ര ഡ്രൈവർമാർ ഇല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ എത്ര പേരുടെ ഒഴിവുണ്ട് എന്ന് വ്യക്തമാക്കുമോ ; ഒഴിവുള്ള തസ്തികകയിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 380 ഒഴിവുകൾ നിലവിലുണ്ട്. ഇവയെല്ലാം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡ്രൈവർ തസ്തികയിൽ പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിച്ചിട്ടില്ലാത്തതിനാലാണ് ഒഴിവുകൾ നികത്താൻ സാധിക്കാത്തത്.

പോലീസ് ഡ്യൂട്ടി മീറ്റുകളിലെ വിജയികൾക്ക് ആനുകൂല്യം

187 (3820) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-ലെ ഓൾ ഇന്ത്യ പോലീസ് ഡ്യൂട്ടി മീറ്റിൽ മെഡൽ നേടിയ വ്യക്തിക്ക് സർക്കാരോ ഡിപ്പാർട്ട്മെന്റോ ആനുകൂല്യം നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സംസ്ഥാന പോലീസ് ഡ്യൂട്ടി മീറ്റിന്റെ 6-11-2013-ൽ നടന്ന അവാർഡുദാന ചടങ്ങിൽ വച്ച് സംസ്ഥാന, ദേശീയ പോലീസ് ഡ്യൂട്ടി മീറ്റുകളിലെ വിജയികൾക്ക് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പ് മന്ത്രി പ്രഖ്യാപിച്ച ക്യാഷ് റിവാർഡ് എപ്പോൾ വിതരണം ചെയ്യുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല. സംസ്ഥാന പോലീസ് ഡ്യൂട്ടി മീറ്റിൽ മെഡൽ നേടിയ വ്യക്തികൾക്ക് ക്യാഷ് റിവാർഡ് നൽകണമെന്ന ശിപാർശ സർക്കാർ നിരസിച്ചിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly